# അക്കാദമിക മാസ്റ്റർ പ്ലാൻ

-2025-26

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘു ചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം
5. പദ്ധതി രൂപീകരണ കേന്ദ്രം
6. നിലവിലെ അവസ്ഥാവിശകലനം
7. മികവിന്റെ തുടർച്ചയ്ക്കായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
8. പദ്ധതി വിശദാംശങ്ങൾ

# ആമുഖം

നവകേരളമിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ ഭാഗമായി പാലക്കോട് ഗവ: എൽ. പി. സ്കൂളിൽ ഞങ്ങൾ ഒരു സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതി മാർഗ്ഗരേഖ രൂപീകരിക്കാൻ തീരുമാനിച്ചത്. അധ്യാപകർ, രക്ഷിതാക്കൾ പൂർവ്വവിദ്യാർത്ഥികൾ, സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക-സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താൻ കഴിയും വിധമാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. ഇത് യാഥാർത്ഥ്യമാകുമ്പോൾ മുഴുവൻ കുട്ടികളും അറിവിന്റെ ഉന്നത തലത്തിലേക്ക് എത്തിച്ചേരും എന്നതിൽ യാതൊരു തർക്കവുമില്ല. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് വിദ്യാലയവും പരിസരവും ആകർഷകമാക്കും. മികവാർന്ന വിദ്യാലയ പ്രവർത്തനങ്ങളിലൂടെ കുട്ടികളെ വിദ്യാലയത്തിലേക്ക് ആകർഷിക്കാനും, കൊഴിഞ്ഞ് പോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കാനും ശ്രമിക്കും.

# ലക്ഷ്യങ്ങൾ

- മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലത്തിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാക്കുക.
- വിദ്യാഭ്യാസം പൂർണമായും ശിശുകേന്ദ്രീകൃതമാക്കുക.
- കുട്ടികളുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുക.
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയത്തിൽ ലഭ്യമാക്കുക.
- പാഠ്യപാഠ്യേതര മികവ് ഉണർത്തുന്നതിനാവശ്യമായ ഭൗതിക, അക്കാദമിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുന്നു.
- ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുക
- സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് ഇല്ലാത്ത അവസ്ഥ സംജാതമാക്കുക.
- സ്കൂൾ ലൈബ്രറിയും ലബോറട്ടറിയും ആധുനികവൽക്കരിക്കുക.

- എൽ.പി ക്ലാസുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അധ്യാപക-രക്ഷകർത്തൃ സംഘടനകൾ പൂർവ്വവിദ്യാർത്ഥികൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.
- ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ സാധ്യതകൾ എല്ലാം പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക.
- ലഹരി വിരുദ്ധ മനോഭാവം വളർത്തുക
- പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരിമുക്ത ക്യാമ്പസ് യാഥാർത്ഥ്യമാക്കുക.
- കാർഷിക സംസ്കാരം വളർത്തിയെടുക്കുക.
- ക്ലാസ്മുറികൾ ഹൈടെക് ആക്കുക .
- സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി ആകർഷകമാക്കുക.

# വിദ്യാലയത്തിന്റെ ലഘുചരിത്രം

- Name of school : GLPS Palacode
- Name of Panchayat : VELIYAM
- Village : VELIYAM
- Ward no : XI- AAROORKONAM
- Taluk : KOTTARAKKARA
- Educational District : KOTTARAKKARA
- Educational Subdistrict : VELIYAM
- BRC : VELIYAM
- CRC : ODANAVATTOM
- Established : 1910
- Area : 42 cent
- Email ID : glpspalacode@gmail.com
- Phone number : 0474-2465877

വെള്ളിയം ഗ്രാമപഞ്ചായത്തിൽ വെള്ളിയം ജംഗ്ഷനിൽ നിന്നും ഒരു കിലോമീറ്റർ പടിഞ്ഞാറുമാറി വെള്ളിയം സുബ്രഹ്മണ്യക്ഷേത്രത്തിന് സമീപത്തായിട്ടാണ് പാലക്കോട് ഗവ: എൽ.പി.എസ് സ്ഥിതി ചെയ്യുന്നത്. 1910ൽ സ്ഥാപിതമായി എന്ന് പറയപ്പെടുന്ന ഈ വിദ്യാലയം നൂറ് വർഷം പിന്നിട്ട് കഴിഞ്ഞു. സാമൂഹിക-സാംസ്കാരിക രാഷ്ട്രീയ - രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ധാരാളം മഹാൻമാർ ആദ്യാക്ഷരം കുറിച്ചത് ഈ വിദ്യാലയത്തിൽ നിന്നാണ്. പുരാതനമായ വെള്ളിയം അഞ്ചുമൂർത്തി മഹാക്ഷേത്രം സ്ഥിതി ചെയ്യുന്നത് ഈ സ്കൂളിന്റെ സമീപത്താണ്.

അടുത്തകാലം വരെ ധാരാളം കുട്ടികൾ എത്തിക്കൊണ്ടിരുന്ന ഈ വിദ്യാലയത്തിൽ ഇന്ന് കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നുകൊണ്ടിരിക്കുന്നു. അംഗീകൃത ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളുടെ കടന്നു കയറ്റം കുട്ടികൾ കുറയുന്നതിന്റെ പ്രധാനകാരണമാണ്. ഈ സ്കൂളിനോട് ചേർന്ന് പ്രീ-പ്രൈമറി വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ഇവിടുത്തെ കുട്ടികളാണ് ഒന്നാം ക്ലാസിലേക്ക് പ്രവേശനം നേടുന്നത്.

പ്രീപ്രൈമറി വിഭാഗത്തിൽ ഒരു ടീച്ചറും ആയയും, പ്രൈമറി വിഭാഗത്തിൽ ഹെഡ്മാസ്റ്റർ ഉൾപ്പെടെ 4 അധ്യാപകർ ഇവിടെ സേവനം ചെയ്തു വരുന്നു.

2025-26 അധ്യയനവർഷം 11 കുട്ടികളാണ് ഒന്നാം ക്ലാസിലേക്ക് പ്രവേശനം നേടിയത്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. കൊട്ടറ, തച്ചക്കോട്, നെയ്തോട്, വെളിയം, പടിഞ്ഞാറ്റിൻകര, മാലയിൽ, പൂയപ്പള്ളി എന്നീ പ്രദേശങ്ങളിൽ നിന്നും കുട്ടികളെ സ്കൂളി-ലെത്തിക്കുന്നതിന് PTA യുടെ നേതൃത്വത്തിൽ വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ച-പ്പെടുത്തുന്നതിനായി മെച്ചപ്പെടുത്തുന്നതിനായി കൊട്ടാരക്കരയുടെ ബഹുമാന്യയായ MLA ശ്രീമതി ഐഷാ പോറ്റിയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ച 72 ലക്ഷം രൂപയുടെ ചെലവഴി-ക്കൽ നടത്തി സ്കൂളിന് മനോഹരമായ രണ്ട്നിലകെട്ടിടം 2020-21 അധ്യയനവർഷം പണികഴിപ്പിക്കുകയുണ്ടായി. 2021 മാർച്ച് മാസം ഉദ്ഘാടനവും നടത്തി. ഈ കെട്ടിടത്തിൽ വളരെ നന്നായി ക്ലാസുകൾ നടക്കുന്നുണ്ട്.

# വിദ്യാലയം മികവിന്റെ കേന്ദ്രം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാനലക്ഷ്യം ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഇതിന്റെ ഭാഗമായി ഓരോ കുട്ടിയുടെയും അറിവും, കഴിവും പ്രായത്തിനനുസരിച്ച് ഉയർന്നതലത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. അക്കാദമികമായി ലക്ഷ്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഈ അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും സവിശേഷമായ കഴിവുകളും, പരിമിതികളും, തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യമായ അവസരം ഒരുക്കാൻ കഴിയൂ. ഇങ്ങനെ ഒരു വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്കുവേണ്ടി തയ്യാറാക്കുന്ന സമഗ്രമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയത്തിൽ എത്തിച്ചേരാൻ തക്കവണ്ണം

വിദ്യാലയങ്ങളെ മാറ്റേണ്ടതുണ്ട്. ജൈവവൈവിധ്യ ഉദ്യാനം, കളിസ്ഥലം, പച്ചക്കറിത്തോട്ടം, പാർക്ക് എന്നിവ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നു. അക്കാദമിക, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ കുട്ടികളെ വിദ്യാലയത്തിലേക്ക് ആകർഷിക്കാനും, പാഠ്യപാഠ്യേതര വിഷയങ്ങളിൽ കുട്ടികൾക്ക് മുന്നേറാനുള്ള സാഹചര്യം ഉളവാക്കുകയും വേണം. അങ്ങനെ നമ്മുടെ നാടിന് തന്നെ മാതൃകയായ ഒരു സ്കൂളായി നമ്മുടെ വിദ്യാലയത്തെ മാറ്റാം.

# പദ്ധതി രൂപീകരണ പ്രക്രിയ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ഓരോ സ്കൂളിനും അടുത്ത അഞ്ച് വർഷം മുന്നിൽ കണ്ട് ഒരു മാർഗ്ഗരേഖ ഉണ്ടാവണം എന്ന് നിർദ്ദേശിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പാലക്കോട് ഗവ: എൽ.പി. എസിലും ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിക്കുകയും S.R.G യോഗം കൂടുകയും ചെയ്തു. തുടർന്ന് P.T.A, SMC, പൂർവ്വ

വിദ്യാർത്ഥി പ്രതിനിധികൾ എന്നിവരെല്ലാം ചേർന്ന് സ്കൂളിന്റെ നിലവിലെ അവസ്ഥ വിശകലനം ചെയ്യുകയും, അടുത്ത അഞ്ച് വർഷത്തേക്ക് അക്കാദമികം, ഭൗതികം എന്നീ മേഖലകളിൽ സ്കൂളിന് എന്തെല്ലാം വികസനം ഉണ്ടാവണമെന്ന് ചർച്ച ചെയ്യുകയും കരട് എഴുതി തയ്യാറാക്കുകയും ചെയ്തു.

# നിലവിലെ അവസ്ഥ വിശകലനം

നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

1. പുതിയ സ്കൂൾ കെട്ടിടം
2. ലാപ്ടോപ്പുകൾ - 3 എണ്ണം
3. പ്രൊജക്ടർ - 2 എണ്ണം
4. ചിൽഡ്രൺസ് പാർക്ക് (പ്രീപ്രൈമറി വിഭാഗം)
5. സ്കൂൾ ലൈബ്രറി.

# ആവശ്യമായ ഭൗതിക സൗകര്യം

- ഓരോ ക്ലാസിലേക്കും ലാപ്ടോപ്പും, പ്രൊജക്ടറും
- പ്രിന്റർ
- നെറ്റ് കണക്ഷൻ - വൈഫൈ സൗകര്യം.
- ടി.വി

- സ്കൂളിന് സ്വന്തമായി വാഹനം
- സ്മാർട്ട് ക്ലാസ് റൂം
- മെസ്സ് ഹാൾ
- അസംബ്ലി ഹാൾ
- ടോയ്ലറ്റുകൾ - 1 യൂണിറ്റ് (ഭിന്നശേഷി സൗഹൃദം)
- ഗണിതലാബ്
- ശാസ്ത്രലാബ്
- നവീകരിച്ച കളിസ്ഥലം
- പ്രീപ്രൈമറി കുട്ടികൾക്ക് ആവശ്യമായ കളികോപ്പുകൾ
- കമ്പ്യൂട്ടർ ലാബ്
- ഫർണിച്ചറുകൾ
- ശുദ്ധമായ കുടിവെള്ള സൗകര്യം
- ഓഡിറ്റോറിയം
- പച്ചക്കറിത്തോട്ടം
- കായിക ക്ഷമതാ കേന്ദ്രങ്ങൾ.

# അക്കാദമികം

2024-25 വർഷം വാർഷിക പരീക്ഷയിൽ നേടിയ ഗ്രേഡുകളുടെ വിവരങ്ങൾ.

STD - 1

| വിഷയം | A | B | C | D |
|---|---|---|---|---|
| മലയാളം | 4 | 2 | | |
| ഇംഗ്ലീഷ് | 4 | 2 | | |
| പരിസരപഠനം | 4 | 2 | | |
| ഗണിതം | 4 | 2 | | |

STD - II

| വിഷയം | A | B | C | D |
|---|---|---|---|---|
| മലയാളം | 12 | 6 | 4 | |
| ഇംഗ്ലീഷ് | 10 | 8 | 4 | |
| പരിസരപഠനം | 10 | 8 | 4 | |
| ഗണിതം | 10 | 8 | 4 | |

STD III

| വിഷയം | A | B | C | D |
|---|---|---|---|---|
| മലയാളം | 15 | 4 | | |
| ഇംഗ്ലീഷ് | 12 | 3 | 4 | |
| പരിസരപഠനം | 15 | 2 | 2 | |
| ഗണിതം | 10 | 8 | 1 | |

STD-IV

| വിഷയം | A | B | C | D |
|---|---|---|---|---|
| മലയാളം | 18 | 4 | | |
| ഇംഗ്ലീഷ് | 16 | 4 | 2 | |
| പരിസരപഠനം | 16 | 6 | | |
| ഗണിതം | 18 | 2 | 2 | |

# അക്കാദമിക നേട്ടങ്ങൾ

2024-25 അധ്യയന വർഷം എല്ലാ കുട്ടികളെയും എഴുത്തിലും, വായനയിലും മുന്നിലെത്തിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തത്. കൂടാതെ ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങൾ അനായാസം കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലിയും, ഗണിത അസംബ്ലിയും നടത്തുന്നുണ്ട്. എല്ലാ മാസവും സംഘടിപ്പിക്കുന്ന പത്ര ക്വിസ്, 'Who am I', ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾ എന്നിവ കുട്ടികളിലെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും, സബ് ജില്ലാ തലത്തിൽ സംഘടിപ്പിച്ച വിവിധ ക്വിസ് മത്സരങ്ങളിൽ നമ്മുടെ കുട്ടികൾക്ക് തിളക്കമാർന്ന വിജയം കൈവരിക്കാൻ സഹായകമായിട്ടുണ്ട്.

ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികളെക്കൊണ്ട് തയ്യാറാക്കിയ സംയുക്ത ഡയറി, സചിത്ര നോട്ട്ബുക്ക് ഇവ കുട്ടികളുടെ രചനാശേഷി

മെച്ചപ്പെടാൻ സഹായിച്ചു. എല്ലാ കുട്ടികളെ കൊണ്ടും ഡയറി എഴുതിക്കുകയും, യാത്രാവിവരണങ്ങൾ തയ്യാറാക്കിക്കുകയും മികച്ച രചനകൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. തെറ്റു കൂടാതെ എഴുതാനും, വായിക്കാനുമുള്ള കഴിവ് മെച്ചപ്പെടുന്നതിന് ഈ പ്രവർത്തനങ്ങൾ ഏറെ സഹായകമായിട്ടുണ്ട്.

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

<u>അക്കാദമികം</u>

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- സാഹിത്യ പോഷണ പരിപാടികൾ
- കലാകായിക, ഐ.ടി മേളകൾക്കുള്ള പരിശീലനം
- ക്ലാസ് P.T.A സജീവമാക്കൽ
- ഒന്നാം ക്ലാസ് ഒന്നാംതരം
- ശാസ്ത്രാഭിരുചി വളർത്തൽ
- ശാസ്ത്രലാബ്
- നിരന്തര വിലയിരുത്തൽ
- ടേം മൂല്യനിർണയം.

# പദ്ധതി വിശദാംശങ്ങൾ

അക്കാദമിക മേഖലയെ മലയാളം, ഇംഗ്ലീഷ്, ഗണിതം, പരിസരപഠനം എന്നി നാല് ഉപമേഖലകളായി തിരിച്ചുകൊണ്ട് ഓരോ ഉപമേഖലകളിലും ദീർഘകാല പ്രവർത്തനങ്ങളും, ഹ്രസ്വകാല പ്രവർത്തനങ്ങളും കണ്ടെത്തി അവ ക്ലാസ് അടിസ്ഥാനത്തിലാണ്. ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ തയ്യാറാക്കിയിരിക്കുന്നത്. ഒന്ന്, രണ്ട്, മൂന്ന്, നാല് ക്ലാസ് അധ്യാപകർ ഓരോ വിഷയവുമായി ബന്ധപ്പെട്ട് ദീർഘകാലമായും ഹ്രസ്വകാലമായും എന്തൊക്കെ പ്രവർത്തനങ്ങൾ ചെയ്യാം എന്ന് വിശദമായി ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ വിശദീകരിച്ചിരിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ക്ലാസ് 1

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കപ്പെടുകയും ഒന്നാം വർഷത്തെ വിനിമയാനുഭവത്തിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്ത ഡയറി രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. വിദ്യാഭ്യാസ വകുപ്പ് തന്നെ കുട്ടികളുടെ ഡയറികൾ എഡിറ്റ് ചെയ്ത് കുരുന്നെഴുത്തുകൾ എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു.

ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്രവായനക്കാരായതിന്റെയും പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിവ് നേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം.

വാർഷികപ്പരീക്ഷയിൽ കുട്ടികൾ ചോദ്യം താനെ വായിച്ച് ഉത്തരമെഴുതുകയുണ്ടായി. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും അനുസ്യൂതമായ പ്രവർത്തനം അനിവാര്യമാണ്. അക്കാദമിക

മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതിനുവേണ്ടിയാണ്.

വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുന്ന രീതിയിലാണ്. കഴിഞ്ഞ വർഷം അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ ഫല പ്രാപ്തിയാണ് വർഷാവസാനം ഉണ്ടാകുക. ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. ഓരോ മാസവും സാധ്യായദിനങ്ങൾ പ്രതീക്ഷിച്ച പോലെ ലഭിക്കണമെന്നില്ല. അപ്പോൾ അനുയോജ്യമായ മാറ്റം വരുത്താൻ കഴിയണം. അതുപോലെ കുട്ടികളുടെ നിലവാരവും വേണ്ട പിന്തുണയും പരിഗണിച്ച് ഭേദഗതികൾ ആവശ്യമാണ്. നിരന്തര വിലയിരുത്തലിന്റെ അന്തസത്തയോട് നീതി പുലർത്തുന്നതിനായി ഈ വർഷം വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണ് അവലംബിക്കുന്നത്. ഓരോ മാസവും ക്ലാസ് പി.ടി.എ.യിൽ ചർച്ച ചെയ്യുന്നതിനും സഹായകരമാണ്.

# അവസ്ഥാ വിശകലനം.

## കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

ഈ അക്കാദമിക വർഷം

ഒന്നാം ക്ലാസിൽ 11 കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ മുഴുവൻ കുട്ടികളും അംഗനവാടി അനുഭവമുള്ളവരാണ്.

പ്രവേശനപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ജൂൺ ഒന്നിന് 5 വയസ് പൂർത്തിയായവരും, 6, 7 വയസ് പ്രായമുള്ളവരുമാണ്.

മുൻ വർഷത്തെ പ്രധാന നേട്ടങ്ങൾ

മുഴുവൻ കുട്ടികളും സ്വതന്ത്രവായനക്കാരും രചയിതാക്കളുമാണ്.

# നേരിട്ട പ്രശ്നങ്ങൾ

- ദൈനംദിന ചര്യകൾ രേഖപ്പെടുത്തുന്ന സംയുക്ത ഡയറി.
- കുട്ടികളുടെ എണ്ണക്കുറവ്.
- രക്ഷിതാവിന്റെ നിസ്സഹകരണം (1 കുട്ടി)

# ജൂൺ മാസത്തെ പ്രധാന ലക്ഷ്യങ്ങൾ

1. പൂർണ്ണ പങ്കാളിത്തമുള്ള ക്ലാസ് പി.ടി.എ. ഉറപ്പാക്കുക.

# വാർഷിക ലക്ഷ്യങ്ങൾ

1. ചെറു സദസിന് മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ ആശയങ്ങൾ തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.

2. ഓരോ കുട്ടിയും വായിച്ചു മനസിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുള്ള കഴിവ് നേടുക.

3. ഓരോ കുട്ടിയും ഒഴുക്കോടെ ലഘുബാലസാഹിത്യ കൃതികൾ വായിക്കാനുള്ള കഴിവ് നേടുക.

4. ഓരോ കുട്ടിയും സദസിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.

5. ഓരോ കുട്ടിയും സ്വന്തം ആശയം, ഡയറി, വിവരണം സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.

6. ഓരോ കുട്ടിയുടെയും സർഗാത്മകരചന നടത്താനുള്ള കഴിവ് വളർത്തുക.

7. ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുക.

8. ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.

9. ഓരോ കുട്ടിയുടെയും പഠനത്തെളിവുകൾ അടങ്ങിയ വളരുന്ന അഭിമാന രേഖ രൂപപ്പെടുത്തുക.

10. വാർഷിക ലക്ഷ്യങ്ങളിലേക്ക് നയിക്കുന്നതിന് പ്രതിമാസ ലക്ഷ്യങ്ങൾ അനിവാര്യമാണ് എന്ന് ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഓരോ മാസവും ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്ന രീതിയാണ് പിന്തുടരുന്നത്.

# ജൂൺ മാസത്തെ പ്രധാന ലക്ഷ്യങ്ങൾ.

1. പൂർണ്ണ പങ്കാളിത്തമുള്ള ക്ലാസ് പി.ടി.എ ഉറപ്പാക്കുക.
2. എല്ലാ കുട്ടികൾക്കും സ്വതന്ത്രാവിഷ്കാരത്തിന് അവസരം സൃഷ്ടിക്കുക.
3. രക്ഷിതാവ് കുട്ടിക്ക് ഭാവാത്മകമായി കഥ വായിച്ചു കേൾപ്പിക്കുന്ന വായനോത്സവം സംഘടിപ്പിക്കുക.
4. വായിച്ചു കേട്ട കഥ ക്ലാസിൽ ആശയച്ചോർച്ചയില്ലാതെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥാവേള എല്ലാ ദിവസവും ഉച്ചനേരം ക്ലാസിൽ നടത്തുക.
5. ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനും വായിക്കാനുമുള്ള വായനക്കാർഡുകളുടെ വായന. (വീട്ടിലും ക്ലാസിലും)
6. പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും താളമിട്ട് സദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്ന പാട്ടരങ്ങ് നടത്തുക.
7. ഓരോ കുട്ടിയുടേയും പ്രധാനലക്ഷ്യത്തിന്റേയും പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ സംയുക്ത വിലയിരുത്തൽ നടത്തുക.
8. പ്രതിമാസ ഡിജിറ്റൽ പോർട്ട് ഫോളിയോ ക്യു.ആർ കോഡിന്റെ സഹായത്തോടെ രക്ഷിതാക്കൾക്ക് ലഭ്യമാക്കുക.

എല്ലാ കുട്ടികൾക്കും പിന്തുണ പഠിക്കുന്നതിനും
അവർക്ക് തടസ്സമില്ലാത്ത നടുത്തളത്തിൽ
വന്ന് അവതരണങ്ങൾ നടത്താനും സഹായ-
കമാകുന്ന വിധത്തിൽ ഒന്നാം ക്ലാസ്
ക്രമീകരിക്കുക.

# ജൂൺമാസ പ്രവർത്തനങ്ങൾ

1. പൂർണ്ണ പങ്കാളിത്ത ക്ലാസ് പി.ടി.എ.
2. വായനോത്സവവും കഥാവേളയും
3. ഒന്നൊരുക്കം. (സന്നദ്ധതാ പ്രവർത്തനങ്ങൾ)
4. വായനക്കാർഡുകൾ
5. സംയുക്ത ഡയറി വിലയിരുത്തൽ

ഓരോ പ്രവർത്തനത്തിന്റെയും ലക്ഷ്യങ്ങളും ഉപ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും തുടർന്ന് നൽകുന്നു.

# സംയുക്ത വിലയിരുത്തൽ

## ആമുഖം.

സമഗ്രഗുണമേന്മാ പദ്ധതിയുടെ മാർഗ്ഗരേഖയിൽ ഓരോ മാസത്തെയും പഠനലക്ഷ്യങ്ങൾ ഓരോ ടീച്ചറും സഹിതം പോർട്ടലിൽ അപ്‌ലോഡ് ചെയ്യണമെന്നും അവ ഓരോ കുട്ടിയും ഏത് നിലവാരത്തിൽ എന്ന് ബോധ്യപ്പെടുത്തണമെന്നും നിർദ്ദേശമുണ്ട്. അവയുടെ പകർപ്പ് രക്ഷിതാക്കൾക്ക് ക്ലാസ് പി.ടി.എ. കൂടുമ്പോൾ നൽകി ചർച്ച ചെയ്യുകയും പഠനവിടവ് പരിഹരിക്കാനുള്ള ആസൂത്രണം നടത്തുകയും വേണം. സഹിതം പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിന്റെ മുന്നോടിയായിട്ടാണ് സംയുക്ത വിലയിരുത്തൽ എന്ന പരിപാടി അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

ക്ലാസ് പി.ടി.എ. യുടെ അംഗീകാരത്തോടെയും പിന്തുണയോടെയുമാണ് അക്കാദമിക മാസ്റ്റർ പ്ലാനും വ്യക്തിഗത മാസ്റ്റർപ്ലാനും നടപ്പിലാക്കുന്നത്. ഓരോ മാസവും കുട്ടികൾക്കുണ്ടായ നേട്ടം, അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഫലപ്രാപ്തി എന്നിവ

രക്ഷിതാക്കളുമായി പങ്കിടുന്നത് അവരുടെ ചിന്തന ശക്തിപ്പെടുത്തുന്നതിനും ആത്മവി-ശ്വാസം വർദ്ധിപ്പിക്കുന്നതിനും വഴിയൊരുക്കും. പുതിയ പഠനരീതി കൊണ്ടുണ്ടാകുന്ന മാറ്റങ്ങൾ തെളിവ് സഹിതം ബോധ്യപ്പെടാനുള്ള അവസരം ലഭിക്കുക വഴി വിദ്യാലയത്തിന്റെ പ്രതിച്ഛായ ഉയർത്തുന്നതിനും സഹായിക്കും.

കഴിഞ്ഞ അക്കാദമിക വർഷം ഒന്നാം ക്ലാസിൽ ഗവേഷണാത്മകമായി ഇടപെട്ട അധ്യാപകർ എല്ലാ ദിവസവും രക്ഷിതാക്കളിൽ വലിയ തോതിൽ ആത്മവി-ശ്വാസം വളർത്തി. മാത്രമല്ല കുട്ടിയെ ഏതെല്ലാം കാര്യങ്ങളിൽ പിന്തുണയ്ക്കണം എന്നതിന് വ്യക്തത നൽകി. കുട്ടി വരാത്ത ദിവസത്തെ പ്രവർത്തനം മനസ്സിലാക്കാം. കുട്ടികളുടെ പ്രവർത്തനപങ്കാളിത്തം മനസ്സിലാക്കാം. രക്ഷിതാക്കൾക്ക് നിരന്തര വില-യിരുത്തൽ രക്ഷിതാവും ടീച്ചറും ചേർന്ന് നടത്തുന്ന പ്രക്രിയയായി മാറി. ഇത്തരം നൂതന മാതൃകകൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമാണ് സംയുക്ത വിലയിരുത്തൽ എന്ന പരിപാടി ഏറ്റെടുക്കുന്നത്.

# പൂർണ്ണ പങ്കാളിത്ത ക്ലാസ് പി ടി എ

## ആമുഖം

ഒന്നാം ക്ലാസിൽ രക്ഷിതാക്കളുടെ പിന്തുണ കിട്ടിയ കുട്ടികളാണ് സംയുക്തഡയറി, രചനോത്സവം, വായനോത്സവം തുടങ്ങിയ പ്രവർത്തനങ്ങൾ കൂടുതൽ നന്നായി ഏറ്റെടുത്തത്. പല രക്ഷിതാക്കൾക്കും അവരവർ പഠിച്ച കാലത്തെ ഒന്നാം ക്ലാസ് സങ്കല്പമാണ് ഉള്ളത്. പുതിയ പാഠപുസ്തകം ആവശ്യപ്പെടുന്ന തരത്തിൽ രക്ഷിതാക്കളുടെ റോൾ സംബന്ധിച്ച ധാരണയോടെ പ്രവർത്തിക്കാൻ എല്ലാ രക്ഷിതാക്കളെയും പ്രാപ്തരാക്കേണ്ടതുണ്ട്. കുട്ടികളുടെ സ്ഥിരഹാജരില്ലായ്മ മറ്റൊരു പ്രശ്നമാണ്. തുടക്കം മുതൽ എല്ലാ രക്ഷിതാക്കളെയും പ്രാപ്തരാക്കേണ്ടതുണ്ട്. കുട്ടികളുടെ സ്ഥിരഹാജരില്ലായ്മ മറ്റൊരു പ്രശ്നമാണ്. തുടക്കം മുതൽ എല്ലാ രക്ഷിതാക്കളെയും കൂടെ കൂട്ടുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ നടത്തിയാൽ മാത്രമേ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ വാർഷിക ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനാകൂ.

# ലക്ഷ്യങ്ങൾ

1. പുതിയ പാഠപുസ്തകം, പഠനരീതി എന്നിവ ആവശ്യപ്പെടുന്ന തരത്തിൽ എല്ലാ രക്ഷിതാക്കളെയും ഒന്നാം ക്ലാസിലെ കുട്ടിക്ക് നിരന്തരം പിന്തുണ നൽകേണ്ടതിന്റെ അനിവാര്യത തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ പ്രാപ്തരാക്കുക.

2. ക്ലാസ് പി.ടി.എ യിൽ ഓരോ മാസത്തെ നേട്ടങ്ങൾ, പരിഹരിക്കേണ്ട പ്രശ്നങ്ങൾ എന്നിവ അവതരിപ്പിക്കുകയും അടുത്ത മാസത്തെ ആസൂത്രണം നടത്തുകയും ചെയ്യുക വഴി രക്ഷിതാക്കളിൽ കുട്ടിയുടെ പഠനപുരോഗതി സംബന്ധിച്ച് ആത്മവിശ്വാസം ഉണ്ടാക്കുക.

3. ക്ലാസിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ രക്ഷിതാക്കളുടെ പിന്തുണയോടെ ഉറപ്പാക്കുക.

4. സംയുക്തഡയറി, രചനോത്സവം, വായനോത്സവം തുടങ്ങിയ പ്രവർത്തനങ്ങളിലെ രക്ഷിതാക്കളുടെ റോൾ ബോധ്യപ്പെടുത്തുക.

# പ്രവർത്തന പരിപാടി

1. പ്രഥമ ക്ലാസ് പി.ടി.എ:

ആദ്യ ക്ലാസ് പി.ടി.എ യോഗം പ്രാധാന്യത്തോടെ സംഘടിപ്പിക്കും.

• പോസ്റ്റർ, ക്ഷണക്കുറിപ്പ് വാട്സാപ്പ് ചെയ്യൽ, വോയ്സ് മെസേജ്

സമയം: രണ്ടര മണിക്കൂർ

<u>അജണ്ട (കരട്)</u>

1. ക്ലാസ് അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണവും അംഗീകാരം തേടലും (വാർഷിക ലക്ഷ്യങ്ങളും ജൂൺമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും അവതരിപ്പിക്കൽ) രക്ഷിതാക്കൾക്ക് വാർഷിക ലക്ഷ്യം നേടുമെന്ന് ഉറപ്പ് നൽകൽ. അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനത്തീയതി നിശ്ചയിക്കൽ.

2. ഒന്നൊരുക്കം സന്നദ്ധതാ പ്രവർത്തനങ്ങൾ (പ്രായോഗികാനുഭവം)

3. പാഠപുസ്തകവും കുഞ്ഞെഴുത്തും പരിചയപ്പെടൽ (പ്രവർത്തനപുസ്തകത്തിന്റെ <u>ഉപയോഗം</u>)

4. ജൂൺ മാസത്തെ പാഠങ്ങളും അക്ഷരപരിഗണനയും വായനക്കാർഡുകളുടെ <u>ഉപയോഗവും</u>.

5. പ്രധാനപഠനശേഷികൾ പങ്കുവച്ച് നൽകി പരിചയപ്പെടുത്തൽ.

6. സംയുക്തവിലയിരുത്തൽ ഫോർമാറ്റ് പരിചയപ്പെടുത്തൽ

7. വായനോത്സവവും കഥാവേളയും രക്ഷിതാക്കളുടെ പങ്കും (കഥാവായന പരിശീലനം). ജൂൺ 19 വായനോത്സവം ഉദ്ഘാടനം തീരുമാനിക്കൽ.

8. ക്ലാസ് പി.ടി.എ പൂർണപങ്കാളിത്തം ഉറപ്പാക്കൽ എങ്ങനെ സാധ്യമാക്കാം ചർച്ച പങ്കാളിത്തചാർട്ട്, കോർഗ്രൂപ്പ് രൂപീകരണം.

9. ക്ലാസ് വാട്സാപ്പ് ഗ്രൂപ്പ് എന്തിന്? എന്തെല്ലാം പങ്കിടാം? രക്ഷിതാക്കളും ടീച്ചറും തമ്മിലുള്ള ആശയവിനിമയം പ്രാധാന്യവും രീതികളും.
ഭവനസന്ദർശനത്തിനുള്ള പദ്ധതി തയ്യാറാക്കൽ.

10. ക്ലാസ് പിടിഎ പ്രധാന തീരുമാനങ്ങൾ.

2. ക്ലാസ് പിടിഎ കോർ ഗ്രൂപ്പ് :

രക്ഷിതാക്കളെ വാസസ്ഥലമനുസരിച്ച് ഗ്രൂപ്പുകളാക്കൽ. വാസസ്ഥല ഗ്രൂപ്പിൽ നിന്നും ഓരോ പ്രതിനിധിയെ ഉൾപ്പെടുത്തി ക്ലാസ് പിടിഎ കോർ ഗ്രൂപ്പ് രൂപീകരിക്കൽ. മറ്റുള്ളവരെ ക്ലാസ് പിടിഎയിൽ പങ്കെടുപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്താൻ കോർ ഗ്രൂപ്പംഗങ്ങളെ ചുമതലപ്പെടുത്തൽ.

3. ക്ലാസ് വാട്സാപ്പ് ഗ്രൂപ്പ്:

എല്ലാ രക്ഷിതാക്കളെയും ഉൾപ്പെടുത്തി ക്ലാസ് വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിക്കൽ. ക്ലാസ് വാട്സാപ്പ് ഗ്രൂപ്പ് എന്തിനാണ് എന്ന് വ്യക്തത വരുത്തൽ, എന്തെല്ലാമാണ് പങ്കിടാവുന്നത്, പങ്കിടരുതാത്തത് എന്ന് ബോധ്യപ്പെടുത്തൽ. അതത് ദിവസം നടത്തുന്ന ക്ലാസ് റൂം പ്രവർത്തനങ്ങൾ കുട്ടികൾ വീട്ടിലെത്തുമ്പോഴേക്കും ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ പങ്കിടും.

4. മുഴുവൻ രക്ഷിതാക്കളുമായി ആശയവിനിമയം:

ഒരു ദിവസം രണ്ട് രക്ഷിതാക്കൾ എന്ന രീതിയിൽ മുഴുവൻ രക്ഷിതാക്കളുമായി ആശയവിനിമയം. എല്ലാ മാസവും നടത്തൽ.

5. ഭവനസന്ദർശന പരിപാടി (കുട്ടിയെ അറിയൽ):

കുട്ടികളുടെ എണ്ണം കണക്കാക്കി ഒന്നാം ടേം കൊണ്ട് പൂർത്തീകരിക്കൽ. കോർഗ്രൂപ്പംഗങ്ങളുടെ പിന്തുണയോടെ നടപ്പിലാക്കൽ.

6. ഓൺലൈൻ ക്ലാസ് പി ടി എ

എല്ലാ ആഴ്ചയിലും വാരാന്ത്യ അവലോകനം.

7. ഓഫ്‌ലൈൻ ക്ലാസ് പിടിഎ

എല്ലാ മാസവും നിശ്ചിത ദിവസം, രക്ഷിതാക്കളുടെ സൗകര്യം കൂടി പരിഗണിച്ച് നിശ്ചയിക്കണം.

8. ക്ലാസ് പി ടി എ പങ്കാളിത്ത ചാർട്ട്

ക്രമ നമ്പർ, കുട്ടിയുടെ പേര്, രക്ഷിതാവിന്റെ പങ്കാളിത്തം രേഖപ്പെടുത്താനുള്ള 10 കോളങ്ങൾ ഇവയടങ്ങിയ വലുപ്പത്തിലുള്ള ചാർട്ടാണ് തയ്യാറാക്കുക. ഇത് ക്ലാസിൽ പ്രദർശിപ്പിക്കും. ഓരോ ക്ലാസ് പി ടി എയിലും പതിക്കും.

9. ക്ലാസ് പി ടി എയിൽ പ്രതിമാസ റിപ്പോർട്ട്

ഓരോ മാസത്തെ നേട്ടങ്ങൾ, പരിഹരിക്കേണ്ട പ്രശ്നങ്ങൾ എന്നിവ അവതരിപ്പിക്കൽ. റിപ്പോർട്ടിൽ നടത്തിയ പ്രധാനപ്രവർത്തനങ്ങളും അതിലെ പങ്കാളിത്തവും ഫലവും തെളിവ് സൂചനകളും ഉണ്ടായിരിക്കും. പരിഹരിക്കേണ്ട പ്രശ്നങ്ങൾ മുൻഗണനാക്രമത്തിൽ തയ്യാറാക്കും. അവ പരിഹരിക്കുന്നതിന് കൂട്ടായ ആസൂത്രണം നടത്തും. റിപ്പോർട്ട് എല്ലാ രക്ഷിതാക്കൾക്ക് പി ഡി എഫ് രൂപത്തിൽ ലഭ്യമാക്കും.

10. ആസൂത്രണരേഖ

അടുത്ത മാസത്തെ ആസൂത്രണം തീരേണ്ട പാഠങ്ങൾ, ആരംഭിക്കുന്ന സവിശേഷ പ്രവർത്തനങ്ങൾ എന്നിവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തും. ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ പങ്കിടും.

11. പഠനശേഷികളുടെ കോപ്പി

അടുത്ത മാസത്തെ പ്രധാനപഠന-ശേഷികൾ ലളിതമായ ഭാഷയിലാക്കിയത് നൽകും. എ ഫോർ ഷീറ്റിൽ പരമാവധി പത്ത് ശേഷികൾ;

12. ഡിജിറ്റൽ പോർട്ട് ഫോളിയോ

ഓഡിയോ/വീഡിയോ ഒരു മാസത്തെ കുട്ടികളുടെ കഥ അവതരണം ക്യൂ ആർ കോഡ് ഉപയോഗിച്ച് കാണാനും കേൾക്കാനുമുള്ള അവസരം രക്ഷിതാക്കൾക്ക്.

## പ്രവർത്തന വിലയിരുത്തൽ

| ഇനം | ജൂൺ | ജൂലൈ | ആഗസ്റ്റ് | കുറിപ്പുകൾ |
|---|---|---|---|---|
| • ക്ലാസ് പിടിഎ പങ്കാളിത്തം (എണ്ണം, %) | | | | |
| • നടത്തിയ ഓൺലൈൻ ക്ലാസ് പിടിഎ | | | | |
| • നടത്തിയ ഭവനസന്ദർശനം | | | | |
| • എത്ര രക്ഷിതാക്കളുമായി ആശയവിനിമയം നടത്താനായി? | | | | |
| • ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ പ്രതികരിക്കുന്നവരുടെ എണ്ണം. | | | | |
| • ആസൂത്രണം ചെയ്തതിൽ നടക്കാതെ പോയ പ്രവർത്തനം. | | | | |

# വായനോത്സവവും കഥാവേളയും

ആമുഖം

ആശയാവതരണരീതി പ്രകാരമുള്ള ഭാഷാപഠനത്തിൽ ആധികാരിക വായനസാമഗ്രികൾക്ക് നിർണായക പങ്കാണുള്ളത്. കുട്ടികളിൽ വായനക്കമ്പം സൃഷ്ടിക്കണം. പുസ്തകങ്ങളിൽ തങ്ങൾക്ക് ഇഷ്ടപ്പെട്ട കഥകളും പാട്ടുകളുമൊക്കെയാണെന്നും അവ തനിയെ ആസ്വദിക്കാനായി വായന പഠിക്കേണ്ടതുണ്ടെന്നുമുള്ള ആന്തരിക പ്രചോദനം ഉണ്ടാകണം. കുട്ടികളെ ബാലസാഹിത്യകൃതികളുമായി അടുപ്പിക്കുന്നതിന് പല രാജ്യങ്ങൾക്കും ആസൂത്രിത പദ്ധതിയുണ്ട്. അക്കാദമിക നിലവാരത്തിൽ മുന്നിൽ നിൽക്കുന്ന ഫിൻലാന്റിൽ ചെറുപ്രായത്തിൽ വായന പ്രോത്സാഹിപ്പിക്കുന്നതിനും കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനുമായി രക്ഷിതാക്കൾ എന്നും കുട്ടിക്ക് ഉറക്കത്തിന് മുമ്പായി കഥാപുസ്തകങ്ങൾ വായിച്ചുകൊടുക്കാറുണ്ട്.

## ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും വായിക്കുന്നതിനാവശ്യമായ പുസ്തക- ശേഖരം ക്ലാസിൽ ഉണ്ടാക്കുക.
2. കുട്ടികളുടെ വായനപ്രക്രിയയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക. (വീടൊരുക്കൽ).
3. ഓരോ കുട്ടിക്കും ലഘുബാലസാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാൻ ഉള്ള കഴിവ് നേടുക.
4. വായിച്ചും പറഞ്ഞും കേട്ട പുതിയ കഥകൾ ആശയ- ച്ചോർച്ചയില്ലാതെ ചെറു സദസ്സിനു മുമ്പാകെ ഭാവാത്മകമായി അവതരിപ്പിക്കുവാൻ എല്ലാ കുട്ടികൾക്കും അവസരം സൃഷ്ടിക്കുക.
5. കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതുസമൂഹവുമായി പങ്കിടുക.

## പ്രവർത്തനങ്ങൾ

1. ക്ലാസ് വായനക്കൂടാരം ആരംഭിക്കൽ

~~മുന്നൊരുക്കം~~.

- നിലവിലുള്ള പുസ്തകങ്ങളുടെ ലിസ്റ്റ് തയാറാക്കൽ, വാങ്ങേണ്ട പുസ്തകങ്ങളുടെ ലിസ്റ്റ് തയാറാക്കൽ.
- ക്ലാസ് പി.ടി എയുമായി ആലോചിച്ച് അവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ
- ബാലമാസികകൾ സ്പോൺസർ ചെയ്യിക്കൽ
- ക്ലാസിൽ വായനക്കൂടാരത്തിന്റെ ഇടം നിശ്ചയിക്കൽ. പുസ്തകങ്ങൾ ലിസ്റ്റ് തയാറാക്കൽ, ക്രമീകരിക്കൽ

2. വെള്ളിയാഴ്ച പുസ്തകവിതരണം.

- ക്ലാസിലെ കുട്ടികളുടെ എണ്ണം, പുസ്തകങ്ങളുടെ എണ്ണം എന്നിവ കണക്കാക്കി ഓരോ കുട്ടിക്കും ഓരോ ആഴ്ചയിലും വ്യത്യസ്തമായ പുസ്തകം ലഭിക്കത്തക്ക വിധം ക്രമീകരണം നടത്തൽ.
- ഡിജിറ്റൽ രൂപത്തിലുള്ള കഥകൾ ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ പങ്കിടൽ.

3. ക്ലാസ് വായന ചാർട്ട്, കഥാവതരണ ചാർട്ട്

- കുട്ടി വായിച്ചുക്കേട്ട പുസ്തകങ്ങളുടെ പേരുകൾ കുട്ടിയുടെ പേരിനു നേരെ എഴുതൽ.
- കുട്ടികളുടെ എണ്ണം, പ്രവൃത്തിദിനങ്ങളുടെ എണ്ണം, ഒരു ദിവസം അവസരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം ഇവ പരിഗണിച്ച് കഥാവതരണ ആസൂത്രണ ചാർട്ട് തയാറാക്കൽ. ഏത് ദിവസമാണ് തന്റെ ഊഴമെന്ന് ഓരോ കുട്ടിക്കും മുൻകൂട്ടി അറിയാൻ കഴിയും. ഒരു ദിവസം 3 പേർക്ക് അവസരം.
- ടീച്ചറുടെ മാതൃകാവതരണം. ആഴ്ചയിൽ ഒന്ന് വീതം. എങ്ങനെ കഥ പറയണം? എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം എന്നിവ പരിഗണിച്ച് ആവണം അവതരണം.

• വിലയിരുത്തൽ :-

◦ ആശയക്രമം പാലിച്ചുവോ ?
• വ്യക്തത ഉണ്ടായിരുന്നോ ?
◦ കാണാപാഠം പറച്ചിൽ രീതിയായിരുന്നോ ?
• ഭാവാത്മകമായി അവതരിപ്പിച്ചോ ?

4. കഥാവേള ക്ലാസിലും വീട്ടിലും

• വായനമോഹം ഉണ്ടാക്കൽ (ടീച്ചർ വായനതാല്പര്യം ഉണ്ടാക്കുന്ന രീതിയിൽ പുസ്തകം പരിചയപ്പെടുത്തൽ) ടീച്ചർ ദിവസവും ഒരു കഥാപുസ്തകം വായിച്ച് അവതരിപ്പിക്കുന്നു.
• കുട്ടി അത് വീട്ടിൽ രക്ഷിതാവിനെ പറഞ്ഞുകേൾപ്പിക്കുന്ന വീഡിയോ ദിവസവും ക്ലാസ് ഗ്രൂപ്പിൽ ഇടണം.

5. രക്ഷിതാക്കളുടെ പുസ്തക കുറിപ്പുകൾ

• വായിച്ച കഥയെക്കുറിച്ച് ലളിതമായ ഭാഷയിൽ കുറിപ്പ് എഴുതണം. പുസ്തകത്തിന്റെ മേന്മകളാണ് എഴുതേണ്ടത്. (ഉള്ളടക്കം, ചിത്രങ്ങൾ, അവതരണം, ഭാഷ) വളരെ യാന്ത്രികമായ ഫോർമാറ്റുകൾ വേണ്ട. ഓരോന്നും ഓരോ രീതിയിലാകട്ടെ.
• രക്ഷിതാക്കളുടെ പുസ്തകക്കുറിപ്പുകളിൽ കുട്ടിക്ക് ഇഷ്ടപ്പെട്ട രംഗത്തിന്റെ ചിത്രം വരച്ചുചേർക്കാം. രക്ഷിതാവ് ചെറുവാക്യങ്ങളിൽ ആ രംഗത്തെക്കുറിച്ച് രണ്ടോ മൂന്നോ കാര്യം ചിത്രത്തിന് അടിയിൽ എഴുതണം.

6. വീട്ടിൽ പിന്തുണ കാട്ടാൻ സാധ്യതയില്ലാത്ത കുട്ടികളെ സഹായിക്കൽ.

• കഥാവേളയുടെ പ്രാധാന്യം രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ. കഥാവതരണത്തിന് വീട്ടിൽ നൽകേണ്ട പിന്തുണ സംബന്ധിച്ച വ്യക്തത വരുത്തൽ (കുട്ടിയോട് കഥ ഭാവാത്മകമായി പറയൽ, കേട്ട കഥയിലെ പ്രധാന സംഭവങ്ങൾ പറയിക്കൽ, കുട്ടി കഥ പറയുന്നത് കേട്ട് ഭാവാത്മകമാകണം എന്ന ഫീഡ്ബാക്ക് നൽകൽ.

വിലയിരുത്തൽ

| ഇനം | ജൂൺ | ജൂലൈ | ആഗസ്റ്റ് | കുറിപ്പുകൾ |
|---|---|---|---|---|
| • ക്ലാസിലെ ആകെ പുസ്തകങ്ങളുടെ എണ്ണം. | | | | |
| • ക്ലാസിൽ ലഭ്യമായ ബാലപ്രസിദ്ധീകരണങ്ങളുടെ എണ്ണം. | | | | |
| • വായനാവീഡിയോ പങ്കിട്ട രക്ഷിതാക്കളുടെ എണ്ണം. | | | | |
| • വായിച്ചുകേട്ട കഥ ക്ലാസിൽ അവതരിപ്പിച്ച കുട്ടികളുടെ എണ്ണം | | | | |
| • പുസ്തകക്കുറിപ്പുകൾ തയ്യാറാക്കിയ രക്ഷിതാക്കളുടെ എണ്ണം. | | | | |

# സംയുക്ത വിലയിരുത്തൽ.

## ആമുഖം

സമഗ്ര ഗുണമേന്മാ പദ്ധതിയുടെ മാർഗരേഖയിൽ ഓരോ മാസത്തെയും പഠനലക്ഷ്യങ്ങൾ ഓരോ ടീച്ചറും സഹിതം പോർട്ടലിൽ അപ്‌ലോഡ് ചെയ്യണമെന്നും അവ ഓരോ കുട്ടിയും ഏത് നിലവാരത്തിലെന്ന് രേഖപ്പെടുത്തണമെന്നും നിർദ്ദേശമുണ്ട്. അവയുടെ പകർപ്പ് രക്ഷിതാക്കൾക്ക് ക്ലാസ് പി.ടി.എ. കൂടുമ്പോൾ നൽകി ചർച്ച ചെയ്യുകയും പഠനവിടവ് പരിഹരിക്കാനുള്ള ആസൂത്രണം നടത്തുകയും വേണം. സഹിതം പോർട്ടലിൽ പഠനശേഷികൾ അപ്‌ലോഡ് ചെയ്യുന്നതിന്റെ മുന്നോടിയായിട്ടാണ് സംയുക്ത വിലയിരുത്തൽ എന്ന പരിപാടി അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

ക്ലാസ് പി.ടി.എ യുടെ അംഗീകാരത്തോടെയും പിന്തുണയോടെയുമാണ് ഒന്നാം ക്ലാസിൽ അക്കാദമിക മാസ്റ്റർപ്ലാനും വ്യക്തിഗത മാസ്റ്റർ പ്ലാനും നടപ്പിലാക്കുന്നത്. ഓരോ മാസവും കുട്ടികൾക്കുണ്ടായ നേട്ടം. അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഫലപ്രാപ്തി എന്നിവ രക്ഷിതാക്കളുമായി പങ്കിടുന്നത് അവരുടെ പിന്തുണ ശക്തിപ്പെടുന്നതിനും ആത്മവിശ്വാസം വർധിപ്പി-

ക്കുന്നതിനും വഴിയൊരുക്കും. പുതിയ പഠനരീതി കൊണ്ടുണ്ടാകുന്ന മാറ്റങ്ങൾ തെളിവ് സഹിതം ബോധ്യപ്പെടാനുള്ള അവസരം ലഭിക്കുക വഴി വിദ്യാലയത്തിന്റെ പ്രതിച്ഛായ ഉയർത്തുന്നതിനും സഹായിക്കും.

ലക്ഷ്യങ്ങൾ.

1. പ്രതിമാസ ലക്ഷ്യവും നടത്തിയ പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനും കുട്ടി നേടിയ പ്രധാന ഭാഷാശേഷികളും രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നതിനും അവസരമൊരുക്കുക.

2. ഓരോ ദിവസത്തെയും പഠനപ്രവർത്തനങ്ങൾ രക്ഷിതാക്കളുമായി പങ്കിട്ട് പിന്തുണ ശക്തിപ്പെടുത്തുക.

പ്രവർത്തനങ്ങൾ.

1. ഓരോ യൂണിറ്റിലെയും പഠനലക്ഷ്യങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ.
2. അതിൽ ഓരോ വിഷയത്തിലെയും പ്രധാനപ്പെട്ട പഠനലക്ഷ്യങ്ങൾ തെരഞ്ഞെടുക്കൽ.
3. ഓരോ ദിവസവും ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ അന്നന്നത്തെ പഠനലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തെളിവുകളും പങ്കിടൽ.

4. ഓരോ കുട്ടിയുടെയും പഠനത്തെളിവുകൾ പ്രത്യേക ഫോൾഡറിൽ സൂക്ഷിക്കൽ.
(ഗൂഗിൾ ഡ്രൈവ്, ക്യു.ആർ കോഡ്)

5. വിലയിരുത്തൽ ഫോർമാറ്റ് തയ്യാറാക്കൽ.

6. മാസാന്ത്യ ക്ലാസ് പി.ടി.എ. യിൽ ഓരോ രക്ഷിതാവിനും വിലയിരുത്തൽ ഫോർമാറ്റ് നൽകൽ.

7. പ്രതിമാസ പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കൽ.

8. ക്ലാസിൽ നടന്ന പ്രധാന പ്രവർത്തനങ്ങൾ ഓഡിയോ വീഡിയോ രൂപത്തിൽ QR Code ഉപയോഗിച്ച് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ.

9. ഓരോ കുട്ടിയുടേയും നേട്ടങ്ങളും പരിഹരിക്കേണ്ട പ്രശ്നങ്ങളും സംബന്ധിച്ച് ഫോർമാറ്റ് തയ്യാറാക്കൽ.

10. അനുയോജ്യമായ ബോധ്യപ്പെടുത്തൽ നടത്തി മാസാവസാന ക്ലാസ് പി.ടി.എ. യിൽ പങ്കെടുക്കൽ (ടീച്ചർ, രക്ഷിതാവ്)

10. കുട്ടികളുടെ തനതായ പ്രകടനങ്ങൾ, ഡിജിറ്റൽ തെളിവുകൾ എന്നിവയും അവലോകനത്തിൽ പങ്കിടൽ.

# സംയുക്ത വിലയിരുത്തൽ ഫോർമാറ്റ്

കുട്ടിയുടെ പേര്

ഭാഗം ഒന്ന്

| ക്രമ. നമ്പർ | ഇനം | ജൂൺ | ജൂലൈ | ആഗസ്റ്റ് |
|---|---|---|---|---|
| 1. | ക്ലാസിൽ കുട്ടി പറഞ്ഞ കഥകളുടെ എണ്ണം. | | | |
| 2. | വീട്ടിൽ വായിച്ചു കേൾപ്പിച്ച കഥകളുടെ എണ്ണം. | | | |
| 3. | വായിച്ച വായനക്കാർഡുകളുടെ എണ്ണം. | | | |
| 4. | ഹാജരാകാത്ത ദിവസങ്ങളുടെ എണ്ണം. | | | |
| 5. | ക്ലാസ് പി.ടി.എ.യിൽ രക്ഷിതാവിന്റെ, പങ്കാളിത്തം (ശരിയടയാളം) | | | |
| 6. | കുഞ്ഞെഴുത്തിൽ എത്ര പേജ് വരെ കുട്ടി എഴുതിയിട്ടുണ്ട്. | | | |

ഭാഗം രണ്ട്

## പ്രധാന പഠനലക്ഷ്യങ്ങൾ

| ക്രമ നമ്പർ | ഇനം | ഉയർന്ന | ഇടത്തരം | താഴ്ന്ന |
| --- | --- | --- | --- | --- |
| 1. | കഥാവേളകളിൽ ചെവിയുന്ന- തിന്റെ മുമ്പിൽ കഥ.<br>1. ആശയം ചോർന്നുപോകാതെ.<br>2. ഭാവാത്മകമായി പറയുന്നു. | | | |
| 2. | പരിചിതമായ പാട്ടുകൾക്ക്<br>1. അനുയോജ്യമായ താളം നൽകി.<br>2. ഈണത്തോടും<br>3. കൂട്ടായും.<br>4. സദസിന് മുമ്പാകെ.<br>5. ഭാവാത്മകമായി അവതരിപ്പിക്കുന്നു. | | | |
| 3. | പരിചിതാക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു. | | | |
| 4. | പരിചിതമായ കാര്യങ്ങളെക്കു- റിച്ച് ആത്മവിശ്വാസത്തോടെ സ്വതന്ത്രഭാഷണം നടത്താനു ള്ള കഴിവ്. | | | |

ഭാഗം മൂന്ന്

സ്വായത്തമാക്കിയ
അക്ഷരങ്ങളും ചിഹ്നങ്ങളും (വട്ടം വരയ്ക്കുക)

